# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 245 30.11.2015-ൽ മറുപടി നൽകേണ്ടിയിരുന്നത്

### ആർ.എസ്.എസിന്റെ ആക്രമണങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ | | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) 2015 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും ആർ.എസ്.എസ്. ക്രിമിനൽ സംഘങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സി.പി.ഐ.(എം) പ്രവർത്തകർക്ക് നേരെ കിരാതമായ ആക്രമണങ്ങൾ അഴിച്ചുവിട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | 2015 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ആർ.എസ്.എസ്./ബി.ജെ.പി. പ്രവർത്തകർ സി.പി.ഐ.(എം) പ്രവർത്തകരെ ആക്രമിച്ച സംഭവങ്ങൾ ചില ജില്ലകളിൽ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇക്കാലയളവിൽ സംസ്ഥാനത്ത് സി.പി.ഐ.(എം) പ്രവർത്തകരും അനുഭാവികളുമായിട്ടുള്ള എത്ര പേരുടെ വീടുകൾ ആക്രമണങ്ങൾക്കിരയാവുകയുണ്ടായി ; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ ; | (ബി) | ഇക്കാലയളവിൽ സംസ്ഥാനത്ത് സി.പി.ഐ.(എം) പ്രവർത്തകരും അനുഭാവികളുമായിട്ടുള്ള 20 പേരുടെ വീടുകൾ ആക്രമണങ്ങൾക്കിരയായിട്ടുണ്ട്.<br><br>ജില്ല തിരിച്ചുള്ള കണക്ക്.<br>ആലപ്പുഴ - 1<br>കോട്ടയം - 2<br>പാലക്കാട് - 1<br>കണ്ണൂർ - 16 |
| (സി) എത്ര കേസുകൾ ഇക്കാലയളവിൽ രജിസ്റ്റർ ചെയ്യുകയുണ്ടായി ; | (സി) | 31 കേസുകൾ ഇക്കാലയളവിൽ രജിസ്റ്റർ ചെയ്യുകയുണ്ടായി. |
| (ഡി) കൊലചെയ്യപ്പെട്ട സി.പി.ഐ.(എം) പ്രവർത്തകർ ആരൊക്കെ ; | (ഡി) | ഈ കാലയളവിൽ കാസർഗോഡ് ജില്ലയിൽ കായക്കുന്ന് എന്ന സ്ഥലത്തുവെച്ച് 28.08.2015-ന് നടന്ന രാഷ്ട്രീയ കൊലപാതകത്തിൽ നാരായണൻ എന്ന സി.പി.ഐ.(എം) പ്രവർത്തകൻ കൊലചെയ്യപ്പെട്ടിട്ടുണ്ട്. |
| (ഇ) നാശനഷ്ടങ്ങൾ ഉണ്ടായ ആർക്കെല്ലാം സർക്കാർ നഷ്ടപരിഹാരം ലഭ്യമാക്കുകയുണ്ടായെന്ന് വിശദമാക്കാമോ ? | (ഇ) | നാശനഷ്ടങ്ങൾ ഉണ്ടായ ആർക്കും സർക്കാർ നഷ്ടപരിഹാരം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

4